# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 11

# വാർത്താക്കുറിപ്പ്

## ഓഫ് കാമ്പസ് പരീക്ഷകേന്ദ്രങ്ങളിൽ മാറ്റം

2019 നവംബർ 13 മുതൽ ആരംഭിക്കുന്ന ഓഫ് കാമ്പസ് പരീക്ഷകേന്ദ്രങ്ങൾ പുനക്രമീകരിച്ചു. എം.ബി.എ. പരീക്ഷകൾ കുടമാളൂർ കോളേജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിലും, ബി.ബി.എ., ബി.സി.എ., എം.സി.എ. പരീക്ഷകൾ ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജിലും നടക്കും. കോട്ടയം ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ എന്ന പരീക്ഷകേന്ദ്രം റദ്ദുചെയ്തു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 0481-2733663, 2733667, 9142342434.

(പി.ആർ.ഒ/39/1989/2019)

## പരീക്ഷതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. (ഓണേഴ്സ്)/ ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ്)/ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷകൾ നവംബർ 27 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 14 വരെയും 525 രൂപ പിഴയോടെ 15 വരെയും 1050 രൂപ പിഴയോടെ 16 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1990/2019)

## പ്രാക്ടിക്കൽ

2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എ. മ്യൂസിക് വയലിൻ സി.ബി.സി.എസ്. (കോർ/ഓപ്പൺ കോഴ്സ് - റഗുലർ/സി.ബി.സി.എസ്.എസ്. - റീഅപ്പിയറൻസ്/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ്), 2019 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടന്ന നാലാം സെമസ്റ്റർ ബി.എ. മ്യൂസിക് വയലിൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി വിദ്യാർഥികളുടെ കോർ/കോംപ്ലിമെന്ററി പരീക്ഷകളുടെ പ്രാക്ടിക്കൽ നവംബർ 18 മുതൽ 21 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1991/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. യു.ജി. പരീക്ഷഫലത്തോടൊപ്പം പ്രസിദ്ധീകരിക്കാതിരുന്ന മോഡൽ 3 ബി.എസ്.ഡബ്ല്യു. റഗുലർ (2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1992/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ